**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരള നഗര ഗ്രാമ ധനകാര്യ വികസന കോർപ്പറേഷൻ ലിമിറ്റഡ്- ഡയറക്ടർ നിയമനം - കണ്ണൂർ കോർപ്പറേഷൻ മേയറിനെ കൂടി റൊട്ടേഷൻ ക്രമത്തിൽ ഉൾപ്പെടുത്തി 04.08.2003 ലെ സ.ഉ(സാധാ)നം.2885/03/തസ്വഭവ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1671/2018/തസ്വഭവ. തിരുവനന്തപുരം, തീയതി: 19/06/2018**

---

പരാമർശം:- (1) 22.11.2000 ലെ സ.ഉ(സാധാ)നം.4713/2000/ തസ്വഭവ ഉത്തരവ്

(2) 24.01.2002 ലെ സ.ഉ(സാധാ)നം.324/02/ തസ്വഭവ ഉത്തരവ്

(3) 04.08.2003 ലെ സ.ഉ(സാധാ)നം.2885/03/ തസ്വഭവ ഉത്തരവ്

(4) കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 26.05.2018 തീയ്യതിയിലെ കെ.യു.ആർ.ഡി.എഫ്.സി/എ 2/ആർ. ജെ/268/99 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ മേയറെ കേരള നഗര ഗ്രാമ ധനകാര്യ വികസന കോർപ്പറേഷൻ ലിമിറ്റഡിൽ ഡയറക്ടറായി ഒരു വർഷത്തേക്ക് നിയമിച്ചും ആയതിനു ശേഷം കൊച്ചി, തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ കോർപ്പറേഷൻ മേയർമാരെ മുൻഗണനാ ക്രമത്തിൽ റൊട്ടേഷൻ ആയി ഓരോ വർഷം കാലാവധിയിൽ ഡയറക്ടർമാരായി നിയമിക്കുന്നതിനും തീരുമാനിച്ച് ഉത്തരവായിരുന്നു.

2) പരാമർശം 4 ലെ കത്ത് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം തൃശ്ശൂർ മേയർക്ക് ശേഷം കണ്ണൂർ കോർപ്പറേഷൻ മേയറിനെ കൂടി റൊട്ടേഷൻ ക്രമത്തിൽ ഉൾപ്പെടുത്തി പരാമർശം 3 ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

3) മേൽ പരിഷ്കരണത്തോടെ പരാമർശം 3 ലെ ഉത്തരവ് നിലനില്ക്കുന്നതായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം ആർ**

**ഗവ. അണ്ടർ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ഡയറക്ടർ, നഗര കാര്യ വകുപ്പ്.

സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**